**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3891** **15-07-2022 - ൽ മറുപടിയ്ക്ക്**

**വൃക്ക മാറ്റിവയ്ക്കൽ വൈകിയതിനെ തുടർന്ന് രോഗി മരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃക്കമാറ്റിവയ്ക്കൽ വൈകിയതിനെ തുടർന്ന് രോഗി മരിച്ച സംഭവം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്കമാറ്റിവയ്ക്കൽ വൈകിയതിനെത്തുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവത്തിൽ ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണം നടന്നു വരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.** |
| (ബി) | മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള ശസ്ത്രക്രിയകൾ നടത്തുന്നത് അട്ടിമറിക്കുന്നതിന്റെ ഭാഗം ആണോ ഇതെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | **ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണം നടന്നു വരുകയാണ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.** |
| (സി) | സൗകര്യങ്ങൾ ഉള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവ മാറ്റ ശസ്ത്രക്രിയകൾ കുറഞ്ഞ ചിലവിൽ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; പൈലറ്റ് പദ്ധതി എന്ന നിലയിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് പ്രസ്തുത സർജറികൾ ആരംഭിച്ചിട്ടുള്ളത്; ആയതിന് സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന നിരക്കും സർക്കാർ ഈടാക്കുന്ന നിരക്കും എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നത് തികച്ചും സൗജന്യമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, മെഡിക്കൽ കോളേജ് കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് പൂർണ്ണസജ്ജമാണ്. സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന നിരക്ക് വ്യക്തമല്ല. എന്നാൽ സർക്കാർ മേഖലയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയകൾ സൗജന്യമായാണ് ചെയ്യുന്നത്.** |

സെക്ഷൻ ഓഫീസർ